# ടിപ്പർ ലോറികളുടെ വേഗനിയന്ത്രണത്തിനും മറ്റുമായി ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും / കമ്മിഷണർമാർക്കും ഐ.ജി.പി, ട്രാഫിക് നൽകിയ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗം

താങ്കളുടെ ജില്ലയിൽ ടിപ്പർ ലോറി ഓടിക്കുന്നതിന് സമയ നിയന്ത്രണം ഇതുവരെ നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനായി അതതു ജില്ലാ കളക്ടർമാരുമായി കൂടിയാലോചിച്ച് രാവിലെ 8 മുതൽ 10 വരേയും വൈകിട്ട് 3 മുതൽ 5 വരേയും ടിപ്പർ ലോറി ഓടിക്കുന്നത് നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്പീഡ് ഗവർണർ കാര്യക്ഷമമായി പ്രവർത്തിക്കാത്തതും/ ഫിറ്റ് ചെയ്യാത്തതുമായുള്ള ടിപ്പർ ലോറികളെ പിടി കൂടാൻ ഒരു ഇൻറൻസീവ് ഡ്രൈവ് 12.09.2009 മുതൽ 22.09.2009 വരെ നടത്തേണ്ടതാണ്. എല്ലാ ടിപ്പർ ലോറികളേയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇൻറൻസീവ് ഡ്രൈവ് നടത്തിയതിൻെറ റിപ്പോർട്ട് 23.09.2009ന് ഐ.ജി.പി. ട്രാഫിക്കിന് ലഭിക്കത്തക്ക വിധം അയച്ചു കൊടുക്കേണ്ടതാണ്. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്തതും/ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാത്തതുമായ ഒരൊറ്റ ടിപ്പർ ലോറിയും ഓടാൻ അനുവദിക്കാൻ പാടുള്ളതല്ല. ഒന്നിലധികം പ്രാവശ്യം അപകടങ്ങൾക്ക് കാരണമായിട്ടുള്ള ടിപ്പർ ലോറികൾക്കും/ ഡ്രൈവർമാർക്കുമെതിരെ ലൈസൻസ് റദ്ദാക്കൽ/സസ്പെൻഷൻ എന്നിവ ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളണം. വേഗപരിധി ലംഘിച്ചും, അപകടകരമായും അശ്രദ്ധമായും ടിപ്പർ ലോറികൾ ഓടിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടിപ്പർ ലോറികളിൽ പണിയെടുക്കുന്ന ആളുകൾ ഏതെങ്കിലും ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണോ എന്ന് പരിശോധിച്ച് യുക്തമായ നടപടി ഉടനെ സ്വീകരിക്കണം.

****************************